# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂലായ് 9, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| |
|---|
| മറുപടി നൽകുന്ന മന്ത്രിമാർ |
| മുഖ്യമന്ത്രി |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി |

<u>ഊര് വികസന പദ്ധതി</u>

*601 ശ്രീ. വി. ശശി
,, ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി ഊര് വികസനപദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ഏന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്കായി എത്ര പട്ടിക വർഗ്ഗ കോളനികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഈ കോളനികളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതിപ്രകാരം ഓരോ കോളനിയിലേക്കും എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; ഈ തുക അപര്യാപ്തമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

**<u>കേസന്വേഷണങ്ങളുടെ ഗുണനിലവാരവും സത്യസന്ധതയും ഉയർത്താൻ നടപടി</u>**

*602 ശ്രീ. സി. കെ. സദാശിവൻ
,, എം. ചന്ദ്രൻ
,, സാജു പോൾ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേസന്വേഷണങ്ങളുടെ ഗുണനിലവാരവും സത്യസന്ധതയും ഉയർത്താൻ പോലീസിൽ സ്പെഷ്യലൈസേഷൻ നടപ്പാക്കണമെന്ന നിർദ്ദേശം പരിഗണിച്ചിട്ടുണ്ടോ;

(ബി) കേരള പോലീസ് ആക്ട് ഭേദഗതി ചെയ്തുകൊണ്ട് മുൻസർക്കാർ കൊണ്ടുവന്ന പുതിയ വ്യവസ്ഥകൾക്കനുസൃതമായി ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതിനായി നിയോഗിക്കപ്പെട്ടിരുന്ന വിദഗ്ദ്ധ സമിതി റിപ്പോർട്ടിന്റെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) പോലീസ് അന്വേഷണങ്ങളിൽ ഇപ്പോൾ നടന്നുവരുന്നതായി ആക്ഷേപിക്കപ്പെടുന്ന ബാഹ്യശക്തികളുടെ ഇടപെടൽ അവസാനിപ്പിക്കാമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>വനവിസ്തൃതി വര്‍ദ്ധിപ്പിക്കുന്നതിന് നടപടി</u>

*603 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍
,, പി. കെ. ബഷീര്‍
,, സി. മമ്മൂട്ടി
,, എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തിന്റെ സ്വാഭാവിക വനവിസ്തൃതി ആവശ്യമായതിന്റെ ശരാശരിയിലും കുറവാണെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കില്‍ വനവിസ്തൃതി വര്‍ദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളെന്തെങ്കിലും ആവിഷ്കരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്വാഭാവിക വനമേഖല, പ്ലാന്റേഷന് വിട്ടുകൊടുക്കുന്ന രീതി നിലവിലുണ്ടോ; എങ്കില്‍ സ്വാഭാവിക വനത്തിനും, പ്ലാന്റേഷന്‍ മേഖലയ്ക്കും വിസ്തൃതിയുടെ കാര്യത്തില്‍ അനുപാതം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വനവിസ്തൃതി നിലനിര്‍ത്തുന്നതിന്റെ ഭാഗമായി ഗ്രാമീണ മേഖലയിലെ പുറമ്പോക്ക് തരിശുകളില്‍ ചെറുവനങ്ങള്‍ വളര്‍ത്തിക്കൊണ്ടുവരുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ക്രമസമാധാന നില</u>

*604 ശ്രീ. ജെയിംസ് മാത്യൂ
,, കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
,, ആര്‍. രാജേഷ്
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ക്രമസമാധാന നിലയെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; ഏറ്റവും ഒടുവില്‍ സര്‍ക്കാര്‍ തലത്തില്‍ നടത്തിയ വിലയിരുത്തല്‍ എപ്പോഴായിരുന്നു ;

(ബി) ക്രമസമാധാന തകര്‍ച്ചയ്ക്കിടയാക്കുന്ന പ്രധാന കാരണങ്ങള്‍ എന്തൊക്കെയാണ്; ക്രമസമാധാനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം തീരുമാനങ്ങള്‍ എടുത്തിട്ടുണ്ട്; വിശദമാക്കാമോ;

(സി) പോലീസ് സേനയിലെ രാഷ്ട്രീയവല്ക്കരണം ക്രമസമാധാന പ്രശ്നങ്ങള്‍ വര്‍ദ്ധിപ്പിക്കുന്നതിനിടയാക്കിയിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

<u>ജനമൈത്രി എക്സൈസ്</u>

*605 ശ്രീ. എം. എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനമൈത്രി എക്സൈസ് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വ്യാജമദ്യം തടയുവാനും മദ്യത്തിനെതിരെ ബോധവൽക്കരണം നടത്തുവാനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) ആരുടെ നേതൃത്വത്തിലാണ് ഇത് പ്രവർത്തിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>പോലീസ് സേനയെ ആധുനികവല്ക്കരിക്കാൻ കേന്ദ്ര സഹായം</u>

*606 ശ്രീ. എ. പ്രദീപ്കുമാർ
,, ബി.ഡി. ദേവസ്സി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ ആധുനികവല്ക്കരിക്കാനുള്ള സ്കീമിൽ നിന്നുളള കേന്ദ്ര സഹായം നേടിയെടുക്കാൻ സാധ്യമായിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ വർദ്ധിച്ച പ്രത്യേക സാഹചര്യം, വസ്തുതകളുടെ അടിസ്ഥാനത്തിൽ കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തി കൂടുതൽ കേന്ദ്രസഹായം നേടിയെടുക്കാൻ ശ്രമിക്കുമോ;

(സി) ഇതിനകം ലഭിച്ച സഹായങ്ങൾ ഏതെല്ലാം നിലയിലുളള ആധുനികവല്ക്കരണത്തിനാണ് പ്രയോജനപ്പെടുത്തിയതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>പൊതുഭരണത്തിൽ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനായി നടപടികൾ</u>

*607 ശ്രീ. കെ. അച്ചുതൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുഭരണത്തിൽ വ്യക്തിഗത പ്രവർത്തനം വിലയിരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനായി ന്യായവും വിശ്വസ്തവുമായ മാനദണ്ഡങ്ങൾ ആവിഷ്കരിക്കുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ</u>

*608 ശ്രീ. എ. റ്റി. ജോർജ്
'' ഡൊമിനിക് പ്രസന്റേഷൻ
'' ലൂഡി ലൂയിസ്
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സമിതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഹൈവേയിലെ അപകട സാധ്യത കുറയ്ക്കുവാൻ എന്തെല്ലാം ചുമതലകളും കർത്തവ്യങ്ങളുമാണ് സമിതിക്കുള്ളത്; വിശദമാക്കുമോ;

(ഡി) എത്ര കേന്ദ്രങ്ങളിലാണ് ഇത്തരം സമിതികൾ രൂപീകരിക്കുന്നത്?

# കേരള നിയമസഭ
# 09.07.2013–ലെ മറുപടിക്ക്

<u>മനുഷ്യക്കടത്ത് കേസ്</u>

*609 ശ്രീ. രാജു എബ്രഹാം
,, സാജു പോൾ
,, ആർ. രാജേഷ്
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മനുഷ്യക്കടത്ത് കേസിൽ കേരള ഹൈക്കോടതിയിൽ നിന്നും വിമർശനം ഉണ്ടാകാനിടയായ സാഹചര്യം എന്തായിരുന്നു;

(ബി) കേസ് വിട്ടുകൊടുക്കാൻ സംസ്ഥാന പോലീസും ഏറ്റെടുക്കാൻ സി.ബി.ഐ.യും വിമുഖത കാണിക്കുകയാണെന്ന് ആക്ഷേപം ഉണ്ടായിട്ടുണ്ടോ;

(സി) കേസ് സി.ബി.ഐ.യ്ക്ക് വിടാൻ തീരുമാനിച്ചതിനു ശേഷം സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ പിഴവുണ്ടായിട്ടുണ്ടോ; എങ്കിൽ അതെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) പിഴവ് തിരുത്തി പുതിയ നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ;

(ഇ) നോട്ടിഫിക്കേഷൻ തയ്യാറാക്കുന്നതിനും തയ്യാറാക്കിയവ കേന്ദ്ര സർക്കാരിലേക്ക് അയച്ചുകൊടുക്കുന്നതിലും ആവർത്തിച്ച് വീഴ്ചവരുത്തിയ കേസുകളിൽ ഉത്തരവാദികളായവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>അർബൻ ഫോറസ്ട്രി പദ്ധതി</u>

*610 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
,, എം.ഉമ്മർ
,, സി. മോയിൻകുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളെ ഹരിതാഭമാക്കാൻ ഉദ്ദേശിച്ചുള്ള അർബൻ ഫോറസ്ട്രി പദ്ധതി നിലവിൽ നടപ്പാക്കുന്ന തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഈ പദ്ധതി മറ്റു നഗരങ്ങളിലേക്കു കൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ;

(സി) നഗരങ്ങളിൽ മരം വച്ചു പിടിപ്പിക്കാൻ സൗകര്യമുള്ള പാതയോരങ്ങൾ, ഓഫീസ്, സ്ക്കൂൾ, പൊതു സ്ഥാപനങ്ങൾ എന്നിവയോടനുബന്ധിച്ചുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിലെല്ലാം അനുയോജ്യ മരങ്ങളും ചെടികളും വച്ചു പിടിപ്പിക്കാനും, പരിപാലിക്കാനും ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തിക്കൊണ്ട് ഈ പദ്ധതി വിപുലമാക്കുമോ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

<u>ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവനപദ്ധതി</u>

*611 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി സഹായത്തോടെ സംസ്ഥാനത്ത് ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള ധനസഹായത്തിന്റെ കേന്ദ്ര - സംസ്ഥാന വിഹിതം എപ്രകാരമെന്ന് അറിയിക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം ഇപ്രകാരം എത്ര ഭവനങ്ങൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 09.07.2013–ലെ മറുപടിക്ക്

**<u>അണക്കെട്ട് പ്രദേശത്തുള്ള പട്ടികവർഗ്ഗക്കാർക്ക് മത്സ്യബന്ധനാവകാശം</u>**

*612 ശ്രീ. ആർ. സെൽവരാജ്
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി. ജോർജ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അണക്കെട്ട് പ്രദേശത്തുള്ള പട്ടിക വർഗ്ഗക്കാർക്ക് മത്സ്യബന്ധനാവകാശം ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പട്ടികവർഗ്ഗക്കാർക്ക് അണക്കെട്ടുകളിൽ മൽസ്യം നിക്ഷേപിക്കാനും മൽസ്യബന്ധനത്തിനും എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് ഏതൊക്കെ വകുപ്പുകളുമായാണ് സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

മൂല്യവർദ്ധിത മൽസ്യഉൽപന്ന വിപണി

*613 ശ്രീ. സണ്ണി ജോസഫ്
'' റ്റി. എൻ. പ്രതാപൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൂല്യവർദ്ധിത മൽസ്യഉൽപ്പന്നങ്ങൾ ഫിഷ് കിയോസ്ക്കുകളിലൂടെ വിപണിയിൽ എത്തിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിക്കായി എന്തു തുക നീക്കി വച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>ട്രോളിംഗ് നിരോധനം</u>

*614 ശ്രീമതി ഗീതാ ഗോപി
ശ്രീ. സി. ദിവാകരൻ
,, ജി.എസ്. ജയലാൽ
,, കെ.അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൺസൂൺകാല നിരോധനത്തിന്റെ പേരിൽ പരമ്പരാഗത വള്ളങ്ങൾക്ക് മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ തീരുമാനം പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് ട്രോളിംഗ് നിരോധന കാലം ഇപ്പോൾ എത്രയാണ്; ഇത് വർദ്ധിപ്പിക്കണമെന്ന് ശുപാർശ യുണ്ടായിട്ടുണ്ടോ; എങ്കിൽ ശുപാർശ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) വിദേശ കപ്പലുകൾ മത്സ്യസമ്പത്ത് അരിച്ചുപെറുക്കി നശിപ്പിക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>ടെക്നോളജി ഡെവലപ്മെന്റ് ആന്റ് അഡാപ്റ്റേഷൻ പ്രോഗ്രാം</u>

*615 ശ്രീ. വി.ഡി. സതീശൻ
,, വർക്കല കഹാർ
,, അൻവർ സാദത്ത്
,, എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്നോളജി ഡെവലപ്മെന്റ് ആന്റ് അഡാപ്റ്റേഷൻ പ്രോഗ്രാം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പ്രോഗ്രാം നടപ്പിലാക്കുന്നത്;

(ഡി) ഏതെല്ലാം മേഖലയിലുള്ളവരാണ് ഈ പ്രോഗ്രാമുമായി സഹകരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പിനിരയായവരുടെ പരാതികളിന്മേൽ സ്വീകരിച്ച നടപടി</u>

*616 ശ്രീ. വി. ശിവൻകുട്ടി
,, എസ്. രാജേന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാർ തട്ടിപ്പിനിരയായവരുടെ പരാതികളിന്മേൽ ഫലപ്രദമായി നടപടി സ്വീകരിക്കാൻ സാധ്യമായി ട്ടുണ്ടോ;

(ബി) തട്ടിപ്പിനിരയായിട്ടുളള നിക്ഷേപകർക്ക് നഷ്ടപ്പെട്ട തുക ലഭ്യമാക്കാൻ സാധ്യമായിട്ടുണ്ടോ; തട്ടിപ്പിനിരയായിട്ടുള്ള എത്ര പേർ പരാതി നല്കിയിട്ടുണ്ട്; എല്ലാ പരാതികളിലും കൂടി എത്ര തുകയുടെ തട്ടിപ്പാണ് ഉന്നയിച്ചിരിക്കുന്നത്; പരാതി ഉന്നയിക്കാത്തവരും ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ;

(സി) തട്ടിയെടുക്കപ്പെട്ട പണം എവിടെയെന്ന് കണ്ടെത്താൻ സാധ്യമായിട്ടുണ്ടോ;

(ഡി) അന്വേഷണ സംഘം കണ്ടെത്തിയ പണം എത്രയാണ്; അവ മരവിപ്പിച്ച് നിർത്താൻ സാധ്യമായിട്ടുണ്ടോ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

<u>സർക്കാർ ഓഫീസുകളിൽ ഔദ്യോഗിക കൃത്യനിർവ്വഹണങ്ങളിൽ വീഴ്ചകൾ</u>

*617 ശ്രീ. എം. ഹംസ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ഔദ്യോഗിക കൃത്യനിർവ്വഹണങ്ങളിൽ നിരന്തരം വീഴ്ചകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഉദ്യോഗസ്ഥന്മാർ, ഉന്നതതലങ്ങളിൽ നിന്നുള്ള നിരന്തര സമ്മർദ്ദങ്ങളെ തുടർന്ന്, മാനദണ്ഡങ്ങളും മറ്റ് വ്യവസ്ഥകളും പാലിക്കാൻ കഴിയാതെ സമ്മർദ്ദത്തിലായിരിക്കുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആധുനിക സാങ്കേതിക വിദ്യാസംവിധാനങ്ങൾ ഉള്ള ഓഫീസുകളിൽ നിന്നുപോലും സേവനം അർഹതപ്പെട്ട എല്ലാവർക്കും ഒരേപോലെ സമയത്തിന് കിട്ടാതിരിക്കുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇതിന് പരിഹാരം കണ്ടെത്താതെ സമ്പർക്ക പരിപാടി നടത്തുന്നതിലൂടെ സംവിധാനങ്ങൾ വീണ്ടും ദുർബലപ്പെടുത്തുകയാണെന്ന ആക്ഷേപം പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

<u>പോലീസിന്റെ സേവനം നിഷ്പക്ഷമാക്കാൻ നടപടി</u>

*618 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. ഷംസുദ്ദീൻ
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ നിന്നും നിഷ്പക്ഷ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ ഈ സർക്കാർ അധികാരത്തിൽവന്നശേഷം ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തിൽ ഏർപ്പെടുത്തിയിട്ടുളള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസ് സേവനം ജനങ്ങളിലെത്തിക്കാൻ കൂടുതൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുമ്പോഴും പരാതി നല്കിയാൽ അതിന് രസീതും അതിന്മേൽ അന്വേഷണവും ഇല്ലാത്ത അവസ്ഥ ഇപ്പോഴും നിലനില്ക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉടനടി സേവനം ലഭ്യമാക്കേണ്ട കൺട്രോൾ റൂമുകളിലേയ്ക്ക് വിളിക്കുമ്പോൾ അലംഭാവത്തോടെയുള്ള പ്രതികരണം ഉണ്ടാകുന്നത് ഒഴിവാക്കാൻ കൺട്രോൾ റൂമുകളുടെ പരിമിതികൾ പരിഹരിച്ചുകൊണ്ട് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്
<u>ശബരി ജലം</u>

*619 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എം. പി. വിൻസെന്റ്
,, കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരി ജലത്തിന്റെ നിർമ്മാണം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്ത് ടെക്നോളജിയാണ് നിർമ്മാണത്തിനായി ഉപയോഗിച്ചിരിക്കുന്നത്; ഒരു ലിറ്റർ വെള്ളത്തിന്റെ ഉല്പാദനത്തിനായി എന്തു ചെലവ് വരുന്നുണ്ട്;

(സി) ഇവയുടെ വിതരണം വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2013-ലെ മറുപടിക്ക്

തീവ്രവാദ പ്രവര്‍ത്തനങ്ങള്‍ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം

*620 ശ്രീ. എ.കെ. ബാലന്‍
ഡോ: ടി.എം. തോമസ് ഐസക്
ശ്രീ. കെ. ദാസന്‍
'' ഇ.പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് തീവ്രവാദ പ്രവര്‍ത്തനങ്ങള്‍ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനങ്ങള്‍ പ്രവര്‍ത്തിക്കുന്നുണ്ടോ; എങ്കില്‍ നിരീക്ഷിക്കപ്പെട്ട മതമൗലികവാദ/മത തീവ്രവാദ പ്രവര്‍ത്തനങ്ങളും അവ നടത്തിയ സംഘടനകളെയും കുറിച്ച് വിശദമാക്കുമോ;

(ബി) സമുദ്രാതിര്‍ത്തിവഴിയുള്ള ഭീകരപ്രവര്‍ത്തനം തടയുന്നതിന് തീരദേശ സുരക്ഷയുമായി ബന്ധപ്പെട്ട ഏജന്‍സികളുടെ പ്രവര്‍ത്തനങ്ങള്‍ നിരീക്ഷിക്കുന്നതിനും ആവശ്യമായ അനന്തര നടപടികള്‍ സ്വീകരിക്കുന്നതിനും സാദ്ധ്യമാകുന്നുണ്ടോ; ഇതിനായുള്ള ഏകോപന സമിതിയുടെ ഏറ്റവും ഒടുവിലത്തെ യോഗം നടന്നത് എന്നാണ്?

**കേരള നിയമസഭ**
**09.07.2013-ലെ മറുപടിക്ക്**

<u>എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രത്യേക നഷ്ടപരിഹാര പാക്കേജ്</u>

*T-621 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രത്യേക നഷ്ടപരിഹാര പാക്കേജ് വേണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം ആസൂത്രണ കമ്മീഷൻ അംഗീകരിക്കുകയുണ്ടായോ; വിശദമാക്കാമോ;

(ബി) മനുഷ്യാവകാശ കമ്മീഷൻ കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്ക് ഇക്കാര്യത്തിൽ നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; ഇത് നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നുള്ള സഹായം ഉറപ്പാക്കിയിട്ടുണ്ടോ;

(സി) നഷ്ടപരിഹാര പാക്കേജ് എന്നു മുതൽ നടപ്പിൽ വരുത്താൻ സാധ്യമാകുമെന്ന് വിശദമാക്കാമോ;

(ഡി) ദുരിതബാധിതരെ കണ്ടെത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ദുരിതബാധിതരെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>രാഷ്ട്രീയ പ്രസ്ഥാനങ്ങളും സംഘടനകളും നടത്തുന്ന കായിക/ആയുധ പരിശീലനങ്ങൾ</u>

*622 ശ്രീ. കെ. എം. ഷാജി
,, കെ. എൻ. എ ഖാദർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില രാഷ്ട്രീയപ്രസ്ഥാനങ്ങളും സംഘടനകളും സേനകൾ രൂപീകരിച്ച് കായിക/ആയുധ പരിശീലനങ്ങൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സേനകൾ ജനങ്ങളുടെ സമാധാന ജീവിതത്തിന് നേരെ ഉയർത്തുന്ന ഭീഷണിയെയും, സംസ്ഥാനത്തിന്റെ ക്രമസമാധാന നിലയിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളെയും കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സ്വകാര്യസേനകൾ ഉണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും സമാധാനപൂർണ്ണമായ ജനജീവിതം ഉറപ്പുവരുത്തുന്നതിനെക്കുറിച്ചു ചർച്ച ചെയ്യാനും പരിഹാര നടപടികൾ നിർദ്ദേശിക്കാനുമായി രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം വിളിക്കുന്ന കാര്യം പരിശോധിക്കുമോ?

# കേരള നിയമസഭ

## 09.07.2013–ലെ മറുപടിക്ക്

<u>സൈബർ ഡോം പദ്ധതി</u>

*623 ശ്രീ. എം. പി. വിൻസെന്റ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് സൈബർ ഡോം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

മത്സ്യ അനുബന്ധ വ്യവസായ മേഖലയ്ക്ക് സഹായം

*624 ശ്രീ. കെ. ദാസൻ
,, പി. കെ. ഗുരുദാസൻ
,, എ. എം. ആരിഫ്
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യ ദൗർലഭ്യം മൂലം ദുരിതം അനുഭവിക്കുന്ന മത്സ്യ അനുബന്ധ വ്യവസായ മേഖലയ്ക്ക് സഹായം അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ;

(ബി) പാരിസ്ഥിതിക പ്രശ്നവും അശാസ്ത്രീയവും അനിയന്ത്രിതവുമായ മത്സ്യബന്ധനവും കാരണം മത്സ്യസമ്പത്ത് കുറഞ്ഞുവരികയാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ;

(സി) ഇക്കാരണങ്ങളാൽ ഈ മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ തൊഴിൽ നഷ്ടപ്പെട്ടവർക്ക് എന്ത് സഹായം എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ച് തൊഴിലാളി ഫെഡറേഷൻ (സി.ഐ.ടി.യു.) നൽകിയ നിവേദനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 09.07.2013–ലെ മറുപടിക്ക്

<u>പി.എസ്.സി റാങ്ക് ലിസ്റ്റുകളെയും എൽ.ഡി.സി യോഗ്യതയെയും സംബന്ധിച്ച സർക്കാർ തീരുമാനം</u>

*625 ശ്രീ. ഇ. കെ. വിജയൻ
,, വി. എസ്. സുനിൽ കുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി സംബന്ധിച്ച് സർക്കാരിന്റെ ശുപാർശ എന്തായിരുന്നു; പ്രസ്തുത ശുപാർശ പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അംഗീകാരം ലഭിക്കാതെ പോയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കുന്നതു സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>യുവജനങ്ങളിലെ സാമൂഹ്യ പ്രതിബദ്ധത</u>

*626 ശ്രീ. വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ യൂത്ത് അവാർഡ് നൽകുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം സന്നദ്ധ സംഘടനകൾക്കും വ്യക്തികൾക്കുമാണ് ഈ അവാർഡ് നൽകുന്നത് ; വ്യക്തമാക്കുമോ ;

(സി) യുവജനങ്ങളിൽ സാമൂഹിക പ്രതിബദ്ധത വർദ്ധിപ്പിക്കാനും സേവന മനോഭാവം വളർത്താനും ഇത്തരം സംരംഭങ്ങൾ എത്രമാത്രം പ്രയോജനകരമാകും എന്നാണ് വിലയിരുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>വ്യാജമദ്യനിർമ്മാണം</u>

*627 ശ്രീ. ബാബു എം. പാലിശ്ശേരി
,, പി. കെ. ഗുരുദാസൻ
,, ബി. സത്യൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യനിർമ്മാണം വ്യാപിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജമദ്യനിർമ്മാണകേന്ദ്രങ്ങളെക്കുറിച്ച് അന്വേഷിക്കുമോ; വ്യാജമദ്യം നിർമ്മിക്കാനുള്ള സ്പിരിറ്റിന്റെ സ്രോതസ്സുകൾ കണ്ടെത്താൻ സാദ്ധ്യമായിട്ടുണ്ടോ;

(സി) ഒരു ലിറ്റർ അംഗീകൃത വിദേശമദ്യത്തിന് പകരം വ്യാജമദ്യം നിർമ്മിച്ച് വിൽക്കുന്നതുവഴി സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം എത്രയാണ്; വിശദമാക്കുമോ;

(ഡി) അംഗീകൃത ബാറുകൾ വഴി വ്യാജമദ്യം അനധികൃതമായി വില്പന നടത്തുന്നതായി അറിയാമോ;

(ഇ) വ്യാജമദ്യനിർമ്മാണ-വിതരണ ലോബിയും അധികൃതരിൽ ഒരു വിഭാഗവും തമ്മിലുള്ള ബന്ധവും അതുവഴിയുള്ള വ്യാജമദ്യ വ്യാപനവും നികുതി നഷ്ടവും ചെറുക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>പേപ്പർലെസ് സർക്കാർ ഓഫീസ്</u>

*628 ശ്രീ. കെ. മുരളീധരൻ
,, പാലോട് രവി
,, വർക്കല കഹാർ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ പേപ്പർലെസ് ഓഫീസ് സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യവും നേട്ടങ്ങളും എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഈ സംവിധാനം നടപ്പാക്കാൻ സഹകരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>സീ റാഞ്ചിംഗ് പദ്ധതി</u>

*629 ശ്രീ. എസ്. ശർമ്മ
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടൽ മത്സ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുവാനുള്ള പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ; വിലയിരുത്തലുകൾ വിശദമാക്കാമോ;

(ബി) സീ റാഞ്ചിംഗ് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; 2011-12 വർഷത്തിൽ ഇതിനായി വകയിരുത്തപ്പെട്ട തുകയുടേയും ചെലവഴിച്ച തുകയുടേയും തന്നാണ്ടിൽ വകയിരുത്തിയ തുകയുടേയും വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പദ്ധതികളുടെ ഭാഗമായി മത്സ്യ ലഭ്യതയിൽ ഉണ്ടായ വർദ്ധനവ് എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 09.07.2013-ലെ മറുപടിക്ക്

<u>പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ ഉന്നമനത്തിനായുള്ള പ്രത്യേക പാക്കേജ്</u>

*630 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ ഉന്നമനത്തിനായി പ്രത്യേക പാക്കേജ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് പാക്കേജിന്റെ പ്രധാന ഘടകങ്ങളായി നിശ്ചയിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പാക്കേജിന്റെ നടത്തിപ്പിനായി പതിമൂന്നാം ധനകാര്യ കമ്മീഷൻ തുക അനുവദിച്ചിട്ടുണ്ടോ;

(ഡി) എത്ര വർഷം കൊണ്ടാണ് ഈ പദ്ധതി പൂർത്തീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 30.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്

[ചട്ടം 47(1)].

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.